നാളികേര വികസന കോർപ്പറേഷൻ കോഴിക്കോട് ഏലത്തൂരിൽ പ്രതിദിനം 300 ലിറ്റർ നീര ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റ് സ്ഥാപിച്ച് ഉത്പാദനം നടത്തുന്നു. കൂടാതെ കണ്ണൂർ ജില്ലയിലെ ആറളത്ത് പ്രതിദിനം 5000 ലിറ്റർ വീതം രണ്ട് ഷിഫ്റ്റായി നീര ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റും പ്രവർത്തിച്ചുവരുന്നു.

കൂടാതെ 14-10-2015-ലെ സ.ഉ.(സാധാ.) 1773/2015/കൃഷി പ്രകാരം കൊല്ലം ജില്ലയിലെ കൈപ്പുഴ നാളികേര ഉത്പാദക കമ്പനിക്കും 20-01-2016-ലെ സ.ഉ.(സാധാ.)50/2016/കൃഷി പ്രകാരം കോഴിക്കോട് ജില്ലയിലെ കുറ്റ്യാട് നാളികേര ഉൽപ്പാദക കമ്പനിക്കും 11-02-2016-ലെ സ.ഉ.(സാധാ.) 109/2016/കൃഷി പ്രകാരം ആലപ്പുഴ ജില്ലയിലെ കരപ്പുറം നാളികേര ഉൽപ്പാദക കമ്പനിക്കും 50 ലക്ഷം രൂപ വീതം സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്.

## വളം കീടനാശിനി ഗുണനിലവാരം

165 (1540) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്പന നടത്തുന്ന വളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ബി) കർഷകർക്ക് ലഭിക്കുന്ന ജൈവവളം, ജൈവകീടനാശിനി എന്നിവയിൽ പലപ്പോഴും മായം ചേർക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മായം ചേർത്തതും ഗുണനിലവാരമില്ലാത്തതുമായ വളം ഉപയോഗിക്കുന്നത് കൃഷിയെ ദോഷകരമായി ബാധിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ വഴിയും അല്ലാതെയും വിപണനം ചെയ്യുന്ന വളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ പരിശോധനകൾ നടത്തുകയും ഗുണനിലവാരം കുറഞ്ഞതും മായം ചേർത്തതുമായ വളം വിപണനം ചെയ്യുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) രാസവളങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരത്തും പാലക്കാട് ജില്ലയിലെ പട്ടാമ്പിയിലും ഓരോ രാസവള ഗുണനിലവാര പരിശോധനശാലകൾ പ്രവർത്തിച്ചുവരുന്നു. പാലക്കാട് ജില്ലയിലെ പട്ടാമ്പിയിൽ തന്നെ ഒരു ജൈവവള ഗുണനിലവാര പരിശോധനശാലയുടെ നിർമ്മാണം പൂർത്തീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

രാസവള ഗുണനിലവാര പരിശോധനശാലയിൽ FCO 1985 (ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ) പ്രകാരം വളങ്ങൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ എല്ലാ കൃഷി ഭവനുകളിലും വളങ്ങളുടെ സാമ്പിൾ എടുത്ത് പരിശോധനയ്ക്കായി ലാബിൽ അയയ്ക്കുകയും ആയതിന്റെ പുരോഗതി എല്ലാ മാസവും അവലോകനം ചെയ്ത് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) FCO 1985 (ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ) പ്രകാരം സംസ്ഥാനത്ത് വിപണനം ചെയ്യുന്ന വളങ്ങൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുകയും മായം ചേർത്തതായ വളം വിപണനം ചെയ്യുന്ന കമ്പനികൾക്കെതിരെ ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെയുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

**നീര ഉൽപ്പാദന പൈലറ്റ് കേന്ദ്രങ്ങൾ**

166 (1541) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നീര ഉൽപ്പാദന പൈലറ്റ് കേന്ദ്രങ്ങൾ ആരംഭിക്കാൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ നീര ഉൽപ്പാദന പൈലറ്റ് കേന്ദ്രം ആരംഭിക്കാൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ തെങ്ങിൽ നിന്നും നീരയും തെങ്ങിൻ പൂങ്കുലയിൽ നിന്നും കേര ചക്കരയും ഉൽപ്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി ലക്ഷ്യമിട്ടുകൊണ്ടാണ് പൈലറ്റ് പ്രോജക്ട് സ്ഥാപിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly